# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *292 13.03.2017- ൽ മറുപടി പറയേണ്ടത്

| | ചോദ്യം<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് പിഴ ചുമത്തി പ്രവർത്തനാനുമതി നല്കുന്നതിനായി ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ; | (എ) | സംസ്ഥാനത്ത് പണി-പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | 2008-ലെ നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാബാങ്കിന് വിരുദ്ധമായി ഭൂമി തരംതിരിച്ച് നിർമ്മിച്ച കെട്ടിടങ്ങളെ ഇത്തരത്തിൽ പിഴ ഈടാക്കി നിയമനടപടികളിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ പിഴയിനത്തിൽ എത്ര രൂപയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങളെ ഇത്തരത്തിൽ നിയമനടപടികളിൽ നിന്ന് ഒഴിവാക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | പരിശോധിച്ചുവരുന്നു. |
| (ഡി) | നിസ്സാര കാരണങ്ങൾ കൊണ്ട് വീടുകൾക്ക് നമ്പർ ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാതു പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി കൊണ്ട് 16/11/2016-ലെ സ.ഉ.(എം.എസ്) നം.170/2016/തസ്വഭവ ഉത്തരവും 23/11/2016-ലെ സ.ഉ(എം.എസ്) നം.174/2016/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് 28/02/2017 വരെ പണിപൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ പിഴ ചുമത്തി ക്രമവത്ക്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വിഷയം സംബന്ധിച്ച് നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽ സ്വീകരിച്ചുവരുന്നു. ആയതിന് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ 2008-ലെ നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡാറ്റാബാങ്കിന് വിരുദ്ധമായി ഭൂമി തരംതിരിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെയും സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെയും ഇത്തരത്തിൽ പിഴ ഈടാക്കി നിയമനടപടികളിൽ നിന്ന് ഒഴിവാക്കാമോ എന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി കൊണ്ട് 18/11/2016-ലെ സ.ഉ.(എം.എസ്) നം.170/2016/തസ്വഭവ ഉത്തരവും 23/11/2016-ലെ സ.ഉ(എം.എസ്) നം.174/2016/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

2014-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ, കേരളാ പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ എന്നിവയിൽ യഥാക്രമം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നീ ചട്ടങ്ങളുമായി ബന്ധപ്പെട്ട ചില നിർദ്ദിഷ്ട സുരക്ഷാ വ്യവസ്ഥകൾ (Safety and Security Provisions) പാലിക്കുന്ന അനധികൃത നിർമ്മാണങ്ങളാണ് ക്രമവൽക്കരണത്തിന് പരിഗണിക്കുന്നതിനായി നിർ ദ്ദേശിച്ചിരുന്നത്. കൂടാതെ ടി ക്രമവൽക്കരണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം മറ്റു നിയമങ്ങളിലെ വ്യവസ്ഥകളും പാലിക്കണമെന്നും കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ/കേരള മുനിസിപ്പാലിറ്റി ആക്റ്റ്/ കേരള പഞ്ചായത്ത് രാജ് ആക്റ്റ് എന്നിവ പ്രകാരം ആവശ്യമായ വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകൾ ഏജൻസികളിൽ നിന്നുള്ള കൺകറൻസ്/അംഗീകാരങ്ങൾ വാങ്ങണമെന്നും നിഷ്കർഷിച്ചിരുന്നു. ഗുരുതരമായ ചട്ടലംഘനങ്ങൾ നടത്തിയിട്ടില്ലാത്ത വാസഗൃഹങ്ങളെ ഒരു നിശ്ചിത തീയതിക്കകം ന്യായമായ പിഴ ഈടാക്കിയും, വാസഗൃഹമല്ലാത്ത മറ്റ് അനധികൃത നിർമ്മാണങ്ങൾക്ക് കാര്യമായ തോതിൽ പിഴ ചുമത്തിയും

ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സർക്കാർ പരിശോധിച്ചുവരുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട്/ഡാറ്റാബാങ്കിൽ നെൽവയൽ/നിലം അല്ലെങ്കിൽ തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി നല്കുന്നത് സംബന്ധിച്ച് 22/12/2016-ലെ 994733/ആർ.എ1/2016/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- അനധികൃത നിർമ്മാണം - കെട്ടിടനിർമ്മാണ ചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 സ്ക്വയർ മീറ്റർ വരെയുളളവയ്ക്കു പകരം 1500 സ്ക്വയർ ഫീറ്റ് വരെയുളള വാസഗൃഹങ്ങൾക്ക് യു/എ. നമ്പർ നൽകി താൽകാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുളള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും, വസ്തു നികുതി ഈടാക്കുന്നതിനും ഉളള അധികാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്**

**സ.ഉ (എം.എസ്) നം.170/2016/തസ്വഭവ തിരുവനന്തപുരം, തീയതി 16/11/2016.**

---

പരാമർശം:- 1) 4-6-2012 ലെ സ.ഉ. (എം.എസ്) നമ്പർ 149/2012/തസ്വഭവ .

2 ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ 19.09.2016 ലെ കത്ത്.

3) 27-09-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം

**<u>ഉത്തരവ്</u>**

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ട എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിടനമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുളളതുമായ 100 സ്ക്വയർ മീറ്റർ വരെയുളള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235 (എ.എ), 235 (ഡബ്ല്യു) കേരള മുനിസിപ്പാലിറ്റി 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുളള നടപടികൾക്ക് വിധേയമായി "താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാതു പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ പരാമർശം (2) ലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടങ്ങൾക്ക് യു/എ നമ്പരിട്ട് നികുതി ഈടാക്കുന്നതിൽ നിലവിലുളള ഉത്തരവ് പ്രകാരം 100 സ്ക്വയർ മീറ്റർ വരെയുളളവയ്ക്കു പകരം 1500 സ്ക്വയർ ഫീറ്റ് വരെയുളള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി നിയമപ്രകാരമുളള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാതു പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി കൊണ്ട് ഉത്തരവാകുന്നു.

3) ഇപ്രകാരം നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെളള കണക്ഷൻ, വോട്ടർപട്ടികയിൽ പേര് ചേർക്കൽ എന്നീ സേവനങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം യു.എ. നമ്പർ

നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോഎടുത്ത്, പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അധികൃതർ എന്നിവർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.. ഇപ്രകാരം യു.എ. നമ്പർ നൽകുന്ന വീടുകൾ ഭാവിയിൽ തുടർ നിർമ്മാണം, കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. യു/എ നമ്പർ നൽകി എന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃതനിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഹേമപ്രഭ.ഡി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ നടപടിയെടുക്കേണ്ടതാണ്.)

റവന്യൂവകുപ്പ്
ഊർജ്ജ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ജലവിഭവ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകേണ്ടതാണ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.. യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അനധികൃതനിർമ്മാണം - കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 സ്ക്വയർ മീറ്റർ വരെയുള്ളവയ്ക്ക് പകരം 1500 സ്ക്വയർഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു/എ നമ്പർ നൽകി താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും ഉള്ള അധികാരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകിയ ഉത്തരവിൽ ഭേദഗതിവരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ (എം.എസ്) നം. 174/2016/തസ്വഭവ — തിരുവനന്തപുരം, തീയതി: 23..11..16

പരാമർശം: 16.11.2016 ാം തീയതിയിലെ സർക്കാർ ഉത്തരവ്.(കൈ )നം.170 / 2016/ തസ്വഭവ

**ഉത്തരവ്**

സൂചന പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ അവസാന ഖണ്ഡികയിലെ "യു/എ നമ്പർ നൽകി എന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല" എന്ന വാചകം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശിച്ച ഭേദഗതികളോടെ പരാമർശം (1 )ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ഹേമപ്രഭ .ഡി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സീനിയർ ടൗൺ പ്ലാനർ, തദ്ദേശസ്വയം ഭരണ വകുപ്പ്
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും
ഡയറക്ടർ ,ഇൻഫർമേഷൻ കേരളാ മിഷൻ ,പ്രതീക്ഷാ ടവേഴ്സ് ,പാങ്ങപാറ, തിരുവനന്തപുരം
പബ്ലിക് റിലേഷൻ ഡയറക്ടർ
റവന്യൂ / ഊർജ്ജ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ജലവിഭവ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

